(സി) ഒരു ജില്ലയിൽ ഒരു സ്പോർട്ട്സ് സ്കൂൾ എന്ന പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കണ്ണൂർ സ്പോർട്ട്സ് ഡിവിഷനേയും എറണാകുളം പനമ്പള്ളി നഗർ ഹൈസ്കൂളിനേയും സ്പോർട്ട്സ് സ്കൂളായി മാറ്റുന്നതിനാവശ്യമായ ധനസഹായം 2010-11 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) കായികാദ്ധ്യാപകരുടെ ഗുണമേന്മ വർദ്ധിപ്പിക്കുക ലക്ഷ്യമാക്കി ഇൻ സർവ്വീസ് കോഴ്സുകളും റിഫ്രഷർ കോഴ്സുകളും സംഘടിപ്പിക്കാൻ പൊതു വിദ്യാഭ്യാസവകുപ്പ് ഉദ്ദേശിക്കുന്നു.

(ഇ) കായിക താരങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ ജോലി സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനായി നിലവിലുണ്ടായിരുന്ന സ്പോർട്ട്സ് കോട്ടാ നിയമന ഒഴിവുകൾ 2009 മുതൽ പ്രതിവർഷം 20 എന്നതിൽ നിന്നും 50 ആക്കി ഉയർത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമെ പോലീസ് വകുപ്പിൽ സ്പോർട്ട്സ് കോട്ടാ നിയമനങ്ങൾ പുനഃസ്ഥാപിച്ച പൊതുമേഖലാ സ്ഥാപനങ്ങളായ കെ.എസ്.ഇ.ബി. ടൈറ്റാനിയം എന്നിവയിൽ സ്പോർട്ട്സ് കോട്ടാ നിയമനം ആരംഭിച്ചിട്ടുണ്ട്.

കാസർഗോഡ് സ്പോർട്ട്സ് സ്കൂളിന്റെ പ്രവർത്തനം

220 (5110) ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സ്പോർട്ട്സ് സ്കൂൾ എന്നാണ് ആരംഭിച്ചതെന്നും എത്ര കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ടെന്നും ഏതെല്ലാം ഇനങ്ങളിലാണ് പരിശീലനം നൽകുന്നത് എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കൂൾ അഭിവൃദ്ധിപ്പെടുത്താനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനും എന്തെല്ലാം നടപടികളാണ് സർക്കാർ ചെയ്യാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിൽ സ്പോർട്ട്സ് സ്കൂൾ ആരംഭിച്ചിട്ടില്ല. സ്പോർട്ട്സ് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ജില്ലയിൽ ഒരു സ്പോർട്ട്സ് സ്കൂൾ പദ്ധതി നടപ്പാക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ സ്പോർട്ട്സ് കൗൺസിലിന്റെ കീഴിലുള്ള കാസർഗോഡ് സെൻട്രലൈസ്ഡ് സ്പോർട്ട്സ് ഹോസ്റ്റലിൽ 69 കുട്ടികൾക്ക് കബഡി, വോളിബോൾ, ഗുസ്തി എന്നീ ഇനങ്ങളിൽ പരിശീലനം നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly